കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-കെ.എൻ.ആർ./സി3/1105/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 18.07.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, ചട്ടം 20, 23 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

എം.വി

നം കെ.എസ്.എ-കെ.എൻ.ആർ./സി3/1105/2017 തീയതി : 18.07.2017

<u>കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-16മുതൽ 17-6--17 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മഠത്തിൽ<br>ഡെപ്യൂട്ടി ഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-6-17 മുതൽ 29-6-17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്

| | |
|---|---|
| ചന്ദ്രി. കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സുധീഷ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(19-06-2017 മുതൽ 27-06-2017 വരെ) |
| ധന്യ എം.വി | ഓഡിറ്റർ |
| ലതീഷ് കുമാർ.കെ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ഇ.പി.ബാലകൃഷ്ണൻ | 01-04-16 മുതൽ 31-3-17 വരെ |

സെക്രട്ടറി :

| | |
|---|---|
| ശ്രീ.അനിൽ.കെ.എൻ | 01-04-16 മുതൽ 1-3-17 വരെ (FN) |
| ശ്രീ.ഷിബുകരുൺ (അസി.സെക്രട്ടറി, ഇൻ ചാർജ്) | 1-3-17(AN) മുതൽ 31-3-17 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ.വി.പി | 01-04-16 മുതൽ 23-7-16വരെ |
| | | 24-7-16 മുതൽ 16-10-16 വരെ ഒഴിവ് |

| | | |
|---|---|---|
| | ശ്രീ. ഷിബു കരുൺ | 17-10-16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | റൂബി ജാനറ്റ് ജോണി | 01-04-16മുതൽ 31/03/17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഗണേശൻ.എം.ടി | 1-4-16 മുതൽ 4-10-16 വരെ |
| | ശ്രീമതി.ഷംന ഉണ്ണികൃഷ്ണൻ | 5-10-16 മുതൽ 31-3-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സുബ്രഹ്മണ്യൻ.എൻ | 01-04-16 മുതൽ 31/03/17 |
| വെറ്റിനറി സർജൻ | ശ്രീ.സുജോയ്.വി.പി | 01-04-16മുതൽ 31-3-17വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീനകൃഷ്ണൻ | 1-4-16 മുതൽ 31-3-17 വരെ |
| മെഡിക്കൽഓഫീസർ,<br>പി.എച്ച്.സി കടന്നപ്പള്ളി | ഡോ.ശ്രീജിത്ത്. എ.പി | 1-4-16 മുതൽ 5-5-16 വരെ |
| | ഡോ.മംഗള രാജീവൻ | 6-5-16 മുതൽ 27-6-16 വരെ |
| | ഡോ.ബ്ലസ്സി മേരി വി.ആർ | 28-6-16 മുതൽ 14-12-16 വരെ |
| | ഡോ.ഹരികൃഷ്ണൻ | 15-12-16മുതൽ 12-1-17 വരെ |
| | ഡോ.ജാൻസി സേതുനാഥ് | 13-1-17 മുതൽ 31-3-17 വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.ബിജി യു.പി | 1-4-16 മുതൽ 24-11-16 വരെ |
| | | 25-12-16 മുതൽ 16-2-17 വരെ |
| | ഡോ.രശ്മി.എൻ.സി | 25-11-16 മുതൽ 24-12-16 വരെ |
| | ഡോ.ജയദീപ്.ബി.പി | 17-2-17 മുതൽ 15-3-17 വരെ |
| | ജുമാന.എം.എ | 16-3-17 മുതൽ 31-3-17 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷ്മിക്കുട്ടി | 1-4-16 മുതൽ 31-5-16 വരെ |
| | ചേയിക്കുട്ടി. സി | 1-6-16 മുതൽ 31-3-17 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | വർക്കിംഗ് ഗ്രൂപ്പുകൾ | 1-11 |
| 12 | ഗ്രാമസഭ പ്രവർത്തനം | 1-12 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-13 |
| ഭാഗം 2 | | |
| 14 | തൊഴിൽ നികുതി ഈടാക്കാത്തത് | 2-1 |
| 15 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 2-2 |
| 16 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല | 2-3 |
| ഭാഗം 3 | | |
| 17 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്ഥാപനത്തിൽ ഇ ടോയ് ലെറ്റ് സ്ഥാപിച്ചത് -ചെലവ് തുക 369867/- തടസ്സപ്പെടുത്തുന്നു | 3-1 |

| | | |
|---|---|---|
| | | |
| 18 | ഗ്രാമപഞ്ചാത്ത് പരിധിയിൽ കുടിവെള്ള വിതരണം നടത്തിയത് -സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | തെരുവുവിളക്ക് റിപ്പയർ-രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-3 |
| 20 | മഴക്കാല പൂർവ്വശുചീകരണം -തുക ചെലവഴിച്ചില്ല | 3-4 |
| 21 | വാഹനം ഉപയോഗം- ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 3-5 |
| 22 | പൂർത്തീകരണപത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | കുണ്ടയാട് ശ്മശാനം റോഡ് പുനരുദ്ധാരണവും ടാറിംഗും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി | 3-7 |
| 24 | കണ്ണാരംവയൽ കുളങ്ങരക്കുന്ന് റോഡിൽ പൈപ്പ് കൾവർട്ട് നിർമ്മാണം പ്രവൃത്തി പൂർത്തീകരണത്തിന് അനുവദനീയമായതിലും അധിക സമയം ദീർഘിപ്പിച്ചു നൽകി | 3-8 |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടില്ല | 3-9 |
| 26 | എസ്.എസ്.എ ഫണ്ട് ചെലവഴിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 3-10 |

| | | |
|---|---|---|
| 27 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-11 |
| 28 | പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പരിപാടി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-12 |
| 29 | എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ so123/17 | 3-13 |
| 30 | മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾ നടപ്പിലാക്കി | 3-14 |
| 31 | 12 ാം പദ്ധതി അവലോകനം | 3-15 |
| 32 | ആശ്രയ പദ്ധതി അവലോകനം | 3-16 |
| ഭാഗം 4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | Income&Expenditure Statement | അനുബന്ധം-2 |

| | | |
|---|---|---|
| 44 | Receipt& Payment Statement | അനുബന്ധം-3 |
| 45 | Balance Sheet | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 26-2-16തീയ്യതിയിലെ 33/2016 നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 2858317 | 8818575 |
| വരവ് | 94110000 | 37399178 |
| ആകെ | 96968317 | 46217753 |
| ചെലവ് | 96616100 | 39384553 |
| നീക്കിയിരിപ്പ് | 352217 | 6833200 |

റസീറ്റ് ആൻറ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 15/05/17 | 06/06/17 | തിരിച്ചയച്ചിട്ടില്ല. | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19.06.2017 | KSA-KNR/C3/1105/17 |

ന്യൂനത

1. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ,അരിയർ ഡിമാന്റ് രജിസ്റ്റർ,തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല.ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഇതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ്

പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 8818575 |
| വരവ് | 37399178 |
| ആകെ | 46217753 |
| ചെലവ് | 39384553 |
| നീക്കിയിരിപ്പ് | 6833200 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോക്കേഷൻ | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11196681 | 8171333 | | 8171333 | 3025348 |
| വികസനഫണ്ട് എസ്.സി.പി. | 1243209 | 363840 | | 363840 | 879369 |
| വികസനഫണ്ട് ടി.എസ്.പി. | 21291 | 21291 | | 21291 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 5557692 | 1780808 | | 1780808 | 3776884 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3008442 | 933812 | | 933812 | 2074630 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6278764 | 2603014 | | 2603014 | 3675750 |
| പെർഫോമൻസ് ഗ്രാന്റ് | 3288319 | 435156 | 435156 | 435156 | 2853163 |
| എ.എൻ.ആർ.ഇ. ജി.എസ്. | 764.99 | 8179836 | 8180600 | 8130769 | 49831.99 |
| ബി ഫണ്ട് | 0 | 37205550 | 37205550 | 37205550 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നട പ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
| 2016-17 | 150 | 62 | 77 | 11 | 41.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.69 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9253975 | 8425836 | 828139(-) | 8.9(-) |
| നികുതിയേതര വരവുകൾ | 980715 | 922931 | 57784(-) | 5.89(-) |
| മറ്റുവരവുകൾ | 24006 | 212326 | 188320 | 784 |
| ആകെ | 10258696 | 9561093 | - 697603 | 6.8(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 149160 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 7559580 | 659 |
| വിധവാപെൻഷൻ | 11001120 | 766 |
| അവിവാഹിതപെൻഷൻ | 566440 | 43 |
| വികലാംഗപെൻഷൻ | 2764255 | 295 |
| വാർദ്ധക്യകാലപെൻഷൻ | 14690995 | 1390 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-06-17സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ6447/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1994 ലെ കേ. പി ആർ നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാ മപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാ.പ.ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. ഗ്രാമ പഞ്ചായത്തിൽ കൃത്യമായി സ്റ്റാഫ് മീറ്റിങ് നടത്തിവരുന്നുണ്ട് .11-8-2016 ലെ ഓഫീസ് ഉത്തരവ് നമ്പർ എച്ച്.സി/5898/2016,പ്രകാരം ജീവനക്കാരുടെ ചുമതലകൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകൾ

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

2016-17 വർഷത്തിൽ ഒറ്റത്തവണ മാത്രം യോഗം ചേർന്നതായാണ് മിനിറ്റ്സിൽ നിന്നു വ്യക്തമാകുന്നത്. പദ്ധതി ആസൂത്രണത്തിലും മോണിറ്ററിംഗിലും സുപ്രധാന പങ്ക് വഹിക്കേണ്ട ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നല്കുക , വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക,ക്രോഡീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ അവയുടെ വിശകലനം നടത്തുകയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണസ്ഥാപനത്തിന് സമർപ്പിക്കുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതും, പദ്ധതി അംഗീകാരത്തിന് ശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ മേൽ പ്രവർത്തനങ്ങൾ തൃപ്തികരമായി നിറവേറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓരോ വർക്കിംഗ് ഗ്രൂപ്പിനും ഹാജർ, മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ രജിസ്റ്റർ ഉണ്ടായിരിക്കണമെന്നും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ട ചുമതല കൺവീനർക്കാണ് എന്നും 12)ാം പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മിനട്സിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. പദ്ധതി മാർഗരേഖയയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രേഖകൾ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭ പ്രവർത്തനം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ

സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ 07/2016, 10/2016 മാസങ്ങളിലായി രണ്ടുതവണ വീതം മാത്രമാണ് സമ്മേളിച്ചിട്ടുള്ളത്.ഗ്രാമസഭകളിൽ പദ്ധതി രൂപീകരണം, ഗുണഭോക്തൃതെരഞ്ഞെടുപ്പ് എന്നിവ ചർച്ച ചെയ്യുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ഗ്രാമസഭ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/06/2017 | 2017 മാർച്ച് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/08/2016 | 1997-98 മുതൽ 2005-06 വരെ | വിവരം ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കാത്തത്

പഞ്ചായത്ത് പരിധിയിൽ ആധാരമെഴുത്തുകാർ ജോലി ചെയ്തു വരുന്നുണ്ട്. ഇവരിൽ നിന്നും ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ചന്തപ്പുര, പറവൂർ എന്നീ സ്ഥലങ്ങളിൽ 2 അക്ഷയകേന്ദ്രങ്ങൾ, ബി.എസ്.എൻ.എൽ പരിയാരം മെഡിക്കൽ കോളേജ് ശാഖ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 3 (5) പ്രകാരം ഒരുകെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4 ഉപചട്ടം 1 ൽ പ്രതിപാദിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഒരോ കെട്ടിടത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ.തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പിന്റെ 19.01.2011 ലെ സഉ(അച്ചടി)19/2011 തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ കെട്ടിട നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി 30 രൂപ/M2 ഉം 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 50 രൂപ /M2 ആയാണ് നിർണ്ണയിച്ചത്.100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽനിന്ന് വസ്തുനികുതി കുറവായാണ് ഈടാക്കിയത്.വിശദവിവരം ചുവടെ നൽകുന്നു.

കെട്ടിടഉടമയുടെ പേര്- മയിനാർക്കാരത്ത് ചാന്ദ്ബഷീർ

ഫയൽ നംപർ -എ1/9697/16 തീ.05.11.2016

ആകെ തറവിസ്തീർണ്ണം-159.68 sqm(കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം msq | വസ്തുനികുതി @30+20% വർദ്ധനവ് | ലൈബ്രറി സെസ് | ഈടാക്കേണ്ട വസ്തുനികുതി @50/-+20% | ലൈബ്രറി സെസ് |
|---|---|---|---|---|---|---|
| 11461 | V 440A | 30 | 1080 | 54 | 1800 | 90 |
| 11462 | V 440A1 | 20 | 720 | 36 | 1200 | 60 |
| 11463 | V 440A2 | 20 | 720 | 36 | 1200 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 114/64 | V 440A3 | 30 | 1080 | 54 | 1800 | 90 |
| 114/65 | V 440A4 | 20 | 720 | 36 | 1200 | 60 |
| 114/66 | V 440A5 | 40 | 1440 | 72 | 2400 | 120 |

കെട്ടിടഉടമയുടെ പേര്- കവിണിശ്ശേരി വീട്ടിൽ പ്രമോദ്

ഫയൽ നംപർ.എ1/6447/16 തീ.24.08.2016

ആകെ തറവിസ്തീർണ്ണം-148.91 sqm(കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം msq | വസ്തുനികുതി @30+20% വർദ്ധനവ് | ലൈബ്രറി സെസ് | ഈടാക്കേണ്ട വസ്തുനികുതി @50/-+20% | ലൈബ്രറി സെസ് |
|---|---|---|---|---|---|---|
| 11424 | 14/422 B4 | 37.22 | 1340 | 67 | 2233 | 112 |
| 11425 | 14/422 B5 | 37.22 | 1340 | 67 | 2233 | 112 |
| 11426 | 14/422 B6 | 37.22 | 1340 | 67 | 2233 | 112 |
| 11427 | 14/422 B7 | 37.22 | 1340 | 67 | 2233 | 112 |

കെട്ടിടഉടമയുടെ പേര്- കൊളച്ചേരി മണിയങ്ങാട്ട് ഇല്ലത്ത് രമണി

ഫയൽ നംപർ. എ1-9926/16 തീ.20.01.2017

ആകെ തറവിസ്തീർണ്ണം-169.10 sqm(കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നംപർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം msq | വസ്തുനികുതി @30+20% വർദ്ധനവ് | ലൈബ്രറി സെസ് | ഈടാക്കേണ്ട വസ്തുനികുതി @50/-+20% | ലൈബ്രറി സെസ് |
|---|---|---|---|---|---|---|
| 11474 | II/282 C | 87.97 | 3167 | 159 | 5278 | 264 |
| 11475 | II/282 D | 29.32 | 1056 | 53 | 1759 | 88 |
| 11476 | II/282 E | 29.32 | 1056 | 53 | 1759 | 88 |
| 11477 | II/282 F | 22.49 | 810 | 41 | 1349 | 67 |

വസ്തുനികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (15/16-17) മറുപടിയായി 100 M2 കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ കൂടുതൽ മുറികളായി തിരിക്കുമ്പോൾ 30 രൂപ /M2 മാത്രമേ സോഫ്റ്റ് വെയറിൽ ലഭിക്കുന്നുള്ളൂ എന്നാണ് അറിയിച്ചത്. 100 M2 കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരമുള്ള വസ്തു നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവർത്തന നഷ്ടം ആകയാൽ ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്.

## 2-3 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി തൻവർഷ വരവായി 2559131/- രൂപയും, കുടിശ്ശികയായി തൻവർഷം 951105 രൂപയും മുൻ വർഷ കുടിശ്ശികയായി 995244 രൂപയുമുണ്ട്. ഇത് രേഖപ്പെടുത്തേണ്ട ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കി ഓഡിറ്റിന്

ഹാജരാക്കാത്തത് കാരണം ഇതിന്റെ ആധികരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റതാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്ഥാപനത്തിൽ ഇ ടോയ് ലെറ്റ് സ്ഥാപിച്ചത് -ചെലവുതുക 369867/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് 145/17,പരിയാരം മെഡിക്കൽ കോളേജിൽ ഇ ടോയ് ലെറ്റ്

അടങ്കൽ - 234000/-(ധന.കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 234000/-(ബിൽ 10/16-17,7-12-16)
135867/- തനത് ഫണ്ട് (21601070/30.03.2017 വൗച്ചർ)

ഗ്രാമപഞ്ചായത്ത് പരിധിയിലെ സഹകരണ സ്ഥാപനമായ പരിയാരം മെഡിക്കൽ കോളേജിൽ 2015-16 വർഷത്തിൽ 948544/- രൂപ ചെലവഴിച്ച് 3 ഇ ടോയ് ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.ഇതിന്റെ ഇൻസ്റ്റലേഷൻ ആന്റ് കമ്മീഷനിംഗ് ചാർജിനത്തിൽ 234000/- രൂപ നൽകുന്നതിനാണ് 2016-17 വർഷത്തിൽ പ്രോജക്റ്റ് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്ത് രാജ് ആക്റ്റിലെ 3,4,5 പട്ടികകളിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം ഒരു തദ്ദേശ ഭരണസ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി ആയിരിക്കണം പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിയാരം മെഡിക്കൽ കോളേജ് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമോ, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിലോ, പൊതുവായ ചുമതലയിലോ വരുന്ന സ്ഥാപനമല്ല.സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായി അനുമതി നൽകിയിട്ടുമില്ല. ഇത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കുന്നതിന് മെഡിക്കൽ കോളേജ് അധികൃതർ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടോയ് ലെറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം, വെള്ളം,വൈദ്യുതി, തുടർനടത്തിപ്പ് എന്നിവ സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതരുമായി ധാരണാപത്രം തയ്യാറാക്കിയിട്ടില്ല.

മേൽ വിഷയംസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/16-17)മറുപടി ലഭിച്ചിട്ടില്ല.

മേൽ പ്രോജക്റ്റ് പ്രകാരം ഇ ടോയ് ലെറ്റുകൾ സ്ഥാപിക്കുന്നതിന് മെറ്റൽ ഇൻഡസ്ട്രീസ് ഷോർണ്ണൂർ എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഇ-ടോയ് ലെറ്റുകളുടെ സൗജന്യവാറണ്ടി 11-2-17 ന് അവസാനിച്ചതിനാൽ സ്ഥാപനവുമായി മെയിന്റനൻസ് കരാറിൽ ഏർപ്പെടുന്നതിന് തനതുഫണ്ടിൽ നിന്ന് 135867/- രൂപ(വൗ.21601070/30-3-17) ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും സർക്കാരിൽ നിന്ന്പ്രത്യേകം അനുമതി ലഭിച്ചിട്ടില്ലാത്തതുമായ കാര്യത്തിൽ തുക ചെലവഴിച്ചതിനാലും വിശദീകരണം നൽകാത്തതിനാലും 2016-17 വർഷത്തിൽ ചെലവാക്കിയ 369867/- രൂപ തടസ്സപ്പെടുത്തുന്നു. ഇങ്ങനെ തുക ചെലവ് ചെയ്യാൻ അനുവദിക്കുന്ന സർക്കാർ ഉത്തരവുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്.

### 3-2 ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണം നടത്തിയത്- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ - 21600741/6-1-17 തുക 307100/-

കരാറുകാരൻ - ഇബ്രാഹിംകുട്ടി

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്.16-4-16 ലെ സ.ഉ(സാധാ)1466/2016/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ നടത്തിപ്പിലുണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കുടിവെള്ളത്തിന്റെ സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2)കുടിവെള്ളം സർക്കാരിന്റെ ലാബുകളിൽ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3)പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ചുകൊണ്ടുള്ള എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല.

4)പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും വിശദാംശങ്ങൾതദ്ദേശഭരണസ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും, വരൾച്ചക്ക് ശേഷം ചേരുന്ന ഗ്രാമസഭകളിൽ സമർപ്പിച്ച ചർച്ച ചെയ്യേണ്ടതുമാണെന്ന് മേൽ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

5)ഈ കാലയളവിൽ റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ കുടിവെള്ളവിതരണം നടത്തിയിരുന്നോ എന്നത് സംബന്ധിച്ച് വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.മേൽ കാരണങ്ങളാൽ ചെലവുതുക 307100/- തടസ്സപ്പെടുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജപ്പാൻകുടിവെള്ള കണക്ഷനിൽ നിന്നാണ് കുടിവെള്ള വിതരണം നടത്തിയത് എന്നും, ആയതിനാൽ ലാബുകളിൽ പരിശോധന നടത്തിയിട്ടില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല.ജപ്പാൻകുടിവെള്ള പദ്ധതിയിൽ നിന്ന് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യാൻ കരാറുകാരന് അനുമതി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വേണ്ടത്ര സുതാര്യമായല്ല കുടിവെള്ള വിതരണം നടന്നത് എന്ന് മേൽ വസ്തുതകളിൽ നിന്ന് വ്യക്തമാണ്.

## 3-3 തെരുവുവിളക്ക് റിപ്പയർ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് 22/17, തെരുവുവിളക്ക് റിപ്പയർ

അടങ്കൽ 2,00,000 (തനത്)

കരാറുകാരൻ ലിതീഷ്.കെ.കെ

എഗ്രിമെന്റ് 1-3-16

ചെലവ് 183450/-(വൗച്ചർ 21600574/4-11-16)

2015-16 വർഷത്തിൽ അംഗീകാരം ലഭിച്ച മേൽ പ്രൊജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ടെൻഡർ ക്ഷണിക്കുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ വിളക്കുകളുടെ എണ്ണവും തരവും കണക്കാക്കി റിപ്പയർ ആവശ്യമായ വിളക്കുകളുടെ വിവരങ്ങൾ പ്രോജക്റ്റിലോ ടെണ്ടർ നോട്ടീസിലോ രേഖപ്പെടുത്തിയിട്ടില്ല

2.വിളക്കുകളുടെ എണ്ണവും തരവും കണക്കാക്കാതെയും യൂണിറ്റ് കോസ്റ്റ് കണക്കാക്കാതെയും പദ്ധതിക്ക് 2,00,000 രൂപ അടങ്കൽ നിശ്ചയിച്ചത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

3.തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതികളുടെ സമയം, തിയ്യതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4.റിപ്പയറിനായി വാങ്ങിയ സ്പെയർപാർട്സുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ, സ്പെയർപാർട്സുകൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ന്യൂനതകൾക്ക് മതിയായ വിശദീകരണം നൽകേണ്ടതാണ്.
ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കിക്കൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും, അഴുക്കുചാലുകൾ എന്നിവ വൃത്തിയാക്കി പകർച്ചവ്യാധികൾ തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ട് മഴക്കാലപൂർവ്വശുചീകരണം നടത്തുന്നതിനായി ശുചിത്വമിഷനിൽ നിന്നും വാർഡ് ഒന്നിന് 10000/- രൂപ പ്രകാരം 150000/- രൂപ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക മേൽകാലയളവിൽ ഉപയോഗിച്ചിട്ടില്ല. മേൽതുക ഗ്രാമപഞ്ചായത്തിൽ വരവു വന്നിട്ടുള്ളത് ജൂൺ മാസത്തിൽ മാത്രമാണ്. മഴക്കാലത്തിനു മുമ്പെ നടപ്പാക്കേണ്ട പ്രവൃത്തികൾക്ക് തുക നൽകുന്നതിൽ കാലതാമസം വരുത്തുന്നതുമൂലം തുക പ്രയോജനപ്പെടുത്താൻ സാധിക്കാത്തത് പരിശോധിക്കപ്പെടേണ്ടതാണ്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 23-5-16 തീയതിയിലെ 1724/2016/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചാത്തുകൾക്ക് തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനും ശുചിത്വമിഷനിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് തനതുഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മഴക്കാലപൂർവ്വശുചീകരണപ്രവൃത്തികൾ നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതിലെ വീഴ്ചകൾ ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-5 വാഹനം ഉപയോഗം - ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച പരിശോധന നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിട്ടുണ്ട്. ഇതു പ്രകാരം ഇന്ധന ഉപഭോഗനിരക്ക് ലിറ്ററിന് 12 കിലോമീറ്ററാണ്. എന്നാൽ ഇന്ധനഉപഭോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഇതു സംബന്ധിച്ച പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.തൻമാസത്തെ ഇന്ധനഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ലോഗ്ബുക്കിൽ ഇത്തരം രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ന്യൂനതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു.

താഴെക്കാണിച്ച ചെലവുകളുമായി ബന്ധപ്പെട്ട പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ലാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു

| വൗച്ചർ നമ്പർ/ചെക്ക് നമ്പർ | തുക | ചെലവിനം | ആവശ്യമായ രേഖകൾ |
|---|---|---|---|
| 21600945/20-3-17 | 20000 | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ അക്കൗണ്ടിലേക്ക് മാറ്റിയത് | തുകയുടെ വിനിയോഗസാക്ഷ്യപത്രം |
| 21600955/22-3-17 | 16038 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിന് കെഎസ്ഇബി മാതമംഗലത്തിന് നൽകിയത് | കെഎസ്ഇബിയിൽ നിന്നുള്ള പൂർത്തീകരണപത്രം |
| ആകെ | 36038 | | |

## 3-7 കുണ്ടയാട് ശ്മശാനം റോഡ് പുനരുദ്ധാരണവും ടാറിംഗും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി

പ്രൊജക്ട് : 29 / 17കുണ്ടയാട് ശ്മശാനം റോഡ് - പുനരുദ്ധാരണവും ടാറിംഗ് പ്രവൃത്തിയും

അടങ്കൽ : 500000 (തനത് 40000 , എംജി (റോഡ്)460000)

ഭരണാനുമതി : 500000

സാങ്കേതികാനുമതി : 500000

കോൺട്രാക്ടർ : കെ അഖിലേഷ് (എസ്റ്റിമേറ്റ് റേറ്റ് )

പി.എ.സി. :499176

പ്രവൃത്തി മൂല്യം :467902

എം.ബുക്ക് നമ്പർ : 39 / 15-16

പദ്ധതി ചെലവ്

ബിൽ നമ്പർ : 2 / 20.12.16 121777

ചെക്ക് നമ്പർ : 828018 / 29.11.16 16847

കഴിഞ്ഞ വർഷം വരെ ചെലവ് : 329278

മേൽ പ്രവൃത്തി ആരംഭിക്കുന്നതിനായി 19.9.15ന് കരാർ വയ്ക്കുകയും 23.9.15ന് സൈറ്റ് കൈമാറുകയും ചെയ്തു.സെലക്ഷൻ നോട്ടീസ് പ്രകാരം31.1.16നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി. എന്നാൽ 31.3.16 നാണ് പ്രവൃത്തി പൂർത്തിയായത്.എന്നാൽ ദീർഘീകരണം അനുവദിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയതിട്ടില്ല.

പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് AE മുഖേന അപേക്ഷിച്ചതായോ ഭരണസമിതി തീരുമാനമെടുത്തതായോ ഫയലിൽ ഇല്ല. ആയതിനാൽ ദീർഘീകരണം അനുവദിച്ചതിന്റെയും ഫൈൻ ഈടാക്കാതെ തുക നൽകിയതിന്റെയും കാരണം വിശദമാക്കേണ്ടതാണ്.അതോടൊപ്പം പൂർത്തീകരണം താമസിച്ചതിന് ആവശ്യമായ പിഴ കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 കണ്ണാരംവയൽ കുളങ്ങരക്കുന്ന് റോഡിൽ പൈപ്പ് കൾവർട്ട് നിർമ്മാണം പ്രവൃത്തി പൂർത്തീകരണത്തിന് അനുവദനീയമായതിലും അധിക സമയം ദീർഘിപ്പിച്ച് നൽകി.

പ്രൊജക്ട് : 33 / 17 കണ്ണാരംവയൽ കുളങ്ങരക്കുന്ന് റോഡിൽ പൈപ്പ് കൾവർട്ട് നിർമ്മാണം

അടങ്കൽ : 150000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് -135000 , തനത് -15000 )

ഭരണാനുമതി : 150000

സാങ്കേതികാനുമതി : 150000

എം.ബുക്ക് നമ്പർ : 44 / 15-16

കോൺട്രാക്ടർ : പി.വി. നാരായണൻ (എസ്റ്റിമേറ്റ് റേറ്റ് )

പി.എ.സി. : 148941

പ്രവൃത്തി മൂല്യം : 141214

പദ്ധതി ചെലവ്

ബിൽ നമ്പർ : 3 / 11.1.17 – 135000/- രൂപ

ചെക്ക് നമ്പർ : 28040 / 21.12.16 – 6214/- രൂപ

മേൽ പ്രവൃത്തിക്കായി 22.9.15 ന് കരാർ വയ്ക്കുകയും 24.9.15 ന് സൈറ്റ് കൈമാറുകയും ചെയ്തു.പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി 31.1.16 ആണ്. എന്നാൽ 9.6.16 നാണ് പ്രവൃത്തി പൂർത്തിയായത്.

ദീർഘീകരണത്തിന് എ ഇ വഴി അപേക്ഷ നൽകിയതായോ ഭരണസമിതി തീരുമാനമെടുത്തതായോ ഫയലിൽ ഇല്ല. 7734 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. കെ.പി.ഡബ്ല്യൂ.ഡി. മാന്വൽ ഖണ്ഡിക 2112 പ്രകാരം പൂർത്തീകരണത്തിന് പരമാവധി ദീർഘിപ്പിച്ച് നല്കാവുന്ന കാലാവധി ഒറിജിനൽ കാലാവധിയുടെ 50% ആണ്. അത് കഴിഞ്ഞ് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതമായി കണക്കാക്കേണ്ടുന്നതുമാണ്. ഇവിടെ യഥാർത്ഥ കാലാവധിയുടെ 100% ത്തിൽ അധികം ദീർഘീകരണം അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സമയത്തിനു ശേഷം ചെയ്ത പ്രവൃത്തികൾ

അനധികൃതമായി കണക്കാക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് കെ.പി.ഡബ്ല്യൂ.ഡി. മാന്വലിന്റെ ലംഘനമാണ്. ഇത് സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടില്ല.

2016-17 വർഷം ഗ്രാമപഞ്ചായത്തിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ 25% മാത്രമാണ് പൂർത്തീകരിച്ചത്.പദ്ധതി ചെലവ് ആകെ അംഗീകാരം ലഭിച്ചതിന്റെ 16% മാത്രമാണ്.വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചവ | | പൂർത്തീകരിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 80 | 39763121 | 20 | 6353273 |

ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2016-17 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും ടാറിംഗ് പ്രവൃത്തികളാണ് എന്നും, ബിറ്റുമിൻ ഡിപ്പാർട്ട്മെന്റ് വഴി വാങ്ങി നൽകണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിറ്റുമിൻ വാങ്ങി നൽകാൻ ഭരണസമിതി തീരുമാനിക്കുകയും, എന്നാൽ മാർച്ച് 31 ന് മുമ്പ് ബിറ്റുമിൻ ലഭിക്കുകയും ചെയ്യാഞ്ഞതിനാലാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്നും മറുപടി നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 എസ്.എസ്.എ.ഫണ്ട് ചെലവഴിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ബി 4ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുക ചെലവഴിക്കാതെ നിഷ്ക്രിയ ആസ്തിയായി ഉണ്ട്.

| ക്രമ നമ്പർ | കോഡ് നമ്പർ | തുക | വിവരണം |
|---|---|---|---|
| 1 | 320100116 | 30479.94 | എസ്.എസ്.എ.,സെൻട്രലി സ്പോൺസേഡ് സകീം |

മേൽ തുക ലഭ്യമായ തീയ്യതി,ഉദ്ദേശ്യം,ലഭിച്ച തുക,ചെലവഴിച്ച തുക എന്നിവ കൃത്യമായി വിശദീകരിച്ചിട്ടില്ല. 7-1-13 മുതൽ അക്കൌണ്ടിൽ (സിണ്ടിക്കേറ്റ് ബേങ്ക് അക്കൌണ്ട് നമ്പർ-46702) ബാക്കിയുള്ള 25336 രൂപയും പലിശയും ചേർന്നതാണ് മേൽ തുക.ഇത് ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തിരികെ അടവാക്കുന്നതിനോ സർക്കാർ അനുമതിയോടു കൂടി ഉപയോഗിക്കുന്നതിനോ ഉള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-11 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പദ്ധതി-പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണം-വെറ്റിനറി സർജ്ജൻ

ബിൽ നം- 520/350153 തീ. 27.01.2017 150000 രൂപ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 24 ഗുണഭോക്താക്കളുടെ വിഹിതമായി 1,50,000/- രൂപ എസ്.എൽ.ബി.പി ഡപ്യൂട്ടി ഡയറക്ടർക്ക് (ഡിഡി നം. 103864 തീ. 30.01,17) പ്രകാരം 150000 രൂപ നൽകിയിട്ടുണ്ട്, എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-12 പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പരിപാടി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി-പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പരിപാടി S0108/17

നിർവ്വഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്സർ

അടങ്കൽ-87500 (വിഫ.ജനറൽ)

-235000(തനത്)

ബിൽ നം.5/16-17 തീ.28.03,2017 87500 രൂപ

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ വായനശാല ക്ലബ്ബ്,കവലകൾ ഓഫീസ്സുകൾ സാംസ്കാരിക സ്ഥാപനങ്ങൾ വിദ്യാലയങ്ങൾ അഗൻവാടികൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ബോധവത്കരണപരിപാടിയും കുടുംബശ്രീ,എഡിഎസ്, സിഡിഎസ് വളണ്ടിയർമാർ സ്വയം സഹായ സംഘങ്ങൾ എന്നിവർ ഗൃഹസന്ദർശനം നടത്തി പ്ലാസ്റ്റിക്ക് ശേഖരിച്ച് റീസൈക്ലിങ്ങ് സെന്ററിൽ എത്തിക്കുന്നു.സംഭരിക്കുന്ന പ്ലാസ്റ്റിക് ,റീസൈക്ലിങ്ങ് കേന്ദ്രങ്ങളിലെത്തിക്കുന്നതിനുവേണ്ടി രൂപീകരിച്ച പദ്ധതിയിൽ ഓഡിറ്റ് വർഷം റെയ്ഡ്കോവിൽ നിന്ന് 45 വെയിസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്.ഇതിനുവേണ്ടി റെയ്ഡ്കോക്ക് 87500 രൂപ നൽകിയിട്ടുണ്ട്. റെയ്ഡ്കോയുടെ 28.03,2017 ലെ 007052ബിൽ പ്രകാരം 45 വെയിസ്റ്റ് ബിന്നിന്റെ വില 157500 രൂപയാണ്, നിശ്ചിത സ്പെസിഫിക്കേഷൻ, യൂനിറ്റ് പ്രൈസ് എന്നിവ രേഖപ്പെടുത്തിയ പർച്ചേസ് ഓർഡർ റെയ്ഡ്കോക്ക് നൽകിയിട്ടുണ്ടോ, ആയത് പ്രാകാരമുള്ള സാധനങ്ങൾ തന്നെയാണോ വിതരണം ചെയ്തത്,നൽകുവാൻ ബാക്കിയുള്ള തുക നൽകിയിട്ടുണ്ടോ, പദ്ധതിയുടെ ബാക്കി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ തുടങ്ങിയ വിവരങ്ങളും, പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് മാതൃകാപരമായി നടപ്പിലാക്കേണ്ട മാലിന്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 എസ്എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ SO123/17

അടങ്കൽ-400000/- (വി.ഫ ജനറൽ)

നിർവ്വഹണം-ഹെഡ് മാസ്റ്റർ

ബിൽ നം.1/16-17 400000 രൂപ

മേൽ ബിൽ പ്രകാരം മാറിയ തുക (ഡിഡി.നം 103318 തീ. 30.12.2016) എസ്എസ്.എ പ്രോഗ്രാം ഒഫീസ്സർക്ക് നൽകിയിട്ടുണ്ട്,തുകയുടെ വിനിയോഗ സാക്ഷ്യപത്രം ആ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വഷണം നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-14 മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾ നടപ്പിലാക്കി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മാർഗ്ഗരേഖ (സ.ഉ.(എംസ്)നമ്പർ 4/2016/ത.സ്വഭവ,തീ.11.01.2016) ഖണ്ഡിക 11.6(iii)പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷി ഉയർത്തുന്നതിനും വേണ്ടി അധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്എസ് എ/ആർ.എംഎസ്എ നടപ്പിലാക്കിവരുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്എസ് എ/ആർ.എംഎസ്എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഉപ ഖണ്ഡിക (v)ൽ അദ്ധ്യാപക പരിശീലനങ്ങൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാർ അനുമതിമതി വാങ്ങിച്ചിരിക്കേണ്ടതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ

നടപ്പിലാക്കിയത് മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്തവയാണ്.

1.ഒരുമ-പഠനസഹവാസം S0059/17

അടങ്കൽ-60000/- (വിഹ സാധാ)

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ബിൽ നം-2/17 തീ.24.01.2017 46913 രൂപ.
മേൽ ബിൽ പ്രകാരം മാറിയ തുക 3 ദിവസത്തെ പഠന സഹവാസ ക്യാമ്പ് നടത്തുന്നതിന് വേണ്ടി താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| ഭക്ഷണം | 27463 |
| ഹോണറേറിയം | 13100 |
| ഉദ്ഘാടനം.സമാപനം | 3780 |
| പഠനോപകരണ നിർമ്മാണ സാമഗ്രികൾ | 2570 |
| ആകെ | 46913 |

2. മികവിൻ മഴവിൽ സർഗ്ഗോത്സവം-S0060/17

അടങ്കൽ-70000 (വി.ഫ ജനറൽ)

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ബിൽ നം. 4/17 തീ. 21.02.2017 61000 രൂപ

സബ് ജില്ലാമേളയിൽ എ ഗ്രേഡും ജില്ലാ സംസ്ഥാന കലാമേളയിൽ പങ്കെടുക്കയോ ചെയ്ത വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള പ്രദർശനം നടത്തുന്നതിന് വേണ്ടി രൂപീകരിച്ച പദ്ധതിയിൽ താഴെപ്പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| സ്റ്റേജ് ശബ്ദവും വെളിച്ചവും,കസേര (പിസി ജയേഷ്) | 23000 |
| വിനോദ്കുമാർ സിവി(10000/-പ്രദർശന വസ്തു കൊണ്ടുവന്ന ചെലവ്,5000/- ഡ്രസ്സവാടക,മേക്കപ്പ് സാധനങ്ങൾ,3000/- മേക്കപ്പ് ചെയ്ത ചെലവ്) | 18000 |
| മെമെന്റോ | 10000 |
| ഭക്ഷണം | 10000 |
| ആകെ | 61000 |

3. സ്റ്റാന്റിങ്ങ് വിത്ത് സ്റ്റാൻഡേർഡ്സ്-പഠനോപകരണ നിർമ്മാണവും വിതരണവും S0077/17

അടങ്കൽ-25000(വിഫ.ജനറൽ)

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ബിൽ നം.3/16-17 തീ.31.01.2017 22399 രൂപ

സയൻസ്, ഗണിതം, ഭാഷാവിഷയങ്ങളിൽ വിവിധ പഠനോപകരണങ്ങൾ നിർമിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പഠനോപകരണ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ | 8399 |
| ഹോണറേറിയം റിസോഴ്സ് പേഴ്സൻ | 9000 |
| ഭക്ഷണം. | 5000 |
| ആകെ | 22399 |

മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് സർക്കാരിൽനിന്ന് അനുമതി വാങ്ങിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടിയും പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടിയായി മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് പരിശോനക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. മാർഗ്ഗരേഖാ വ്യതിചലനത്തിന് മതിയായ വിശദീകരണങ്ങൾ നൽകേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-15 12-ാം പദ്ധതി അവലോകനം (സുലേഖ സോഫ്റ്റ്വെയ്യ പ്രകാരം)

2012-13 മുതൽ 2016-17 വരെയുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിലെ ചെലവു വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഉത്പാദനമേഖല | | സേവനമേഖല | | പശ്ചാത്തലമേഖല | |
|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ്/ശതമാനം) | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| 2012-13 | 27.35 | 21.96 (80%) | 154.77 | 112 (72%) | 148.68 | 109.47 (74%) |
| 2013-14 | 68.89 | 27.45 (40%) | 132.95 | 118.58 (89%) | 202.07 | 133.91 (66%) |
| 2014-15 | 48.29 | 27.77 (56%) | 126.81 | 100.92 (80%) | 333.7 | 156.74 (47%) |
| 2015-16 | 65.5 | 44.5 (68%) | 156.22 | 105.81 (68%) | 380.75 | 218.28 (57%) |
| 2016-17 | 77.9 | 34.8 (45%) | 224.47 | 93.14 (42%) | 357.31 | 64.24 (18%) |
| ആകെ | 287.93 | 156.49 (54%) | 795.22 | 530.45 (66.7%) | 1422.51 | 682.64 (48%) |

ഇതിൽ നിന്നും പദ്ധതി കാലയളവിൽ വിവിധ പദ്ധതികൾക്ക് വേണ്ടി നീക്കി വെച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പഴം പച്ചക്കറി സംസ്കരണയൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് 2012-13 വർഷത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും, 2014-15 വർഷത്തിൽ കെട്ടിടം വൈദ്യുതീകരണത്തിനായി 52668/- രൂപയും ചെലവഴിച്ചുവെങ്കിലും നാളിഉവരെ പ്രസ്തുത കെട്ടിടത്തിൽ പഴം പച്ചക്കറി സംസ്കരണയൂണിറ്റ് ആരംഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുകയാണ്. ഈ കാലയളവിൽ കാർഷികമേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ ശാശ്വതപരിഹാരം കാണാൻ സാധിച്ചിട്ടില്ല.മിനിവ്യവസായ എസ്റ്റേറ്റിലേക്ക് സംരംഭകരെ ആകർഷിച്ച് ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. പന്ത്രണ്ടാം പദ്ധതിക്കാലത്തുണ്ടായ വീഴ്ചകളും പരാജയങ്ങളും വിശദമായി പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം സാധ്യമാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി അവലോകനം

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയിൽ ആദ്യഘട്ടത്തിൽ 27ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ വീട് ആവശ്യമുള്ള 6 പേർക്ക് വീടും, 6 പേർക്ക് കക്കൂസും, 6 പേർക്ക് വൈദ്യുതിയും നൽകാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. അതിജീവനഘടകങ്ങളായ ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ എല്ലാ ഗുണഭോക്താക്കൾക്കും നൽകിവരുന്നു.

രണ്ടാംഘട്ട പ്രോജക്റ്റിൽ 15 ഗുണഭോക്താക്കളാണ് ഉള്ളത്.ഇതിൽ വീട് ആവശ്യമുള്ളവർ 2 പേരും, വീട് റിപ്പയർ ആവശ്യമുള്ളവർ 2 പേരും, കുടിവെള്ളസൗകര്യം ആവശ്യമുള്ളവർ 7 പേരും വൈദ്യുതി ആവശ്യമുള്ള ഒരാളും ഉണ്ട്.എന്നാൽ മേൽപ്പറഞ്ഞ ആർക്കും തന്നെ ആവശ്യമായ സൗകര്യങ്ങൾ നൽകിയിട്ടില്ല.ആശ്രയ പദ്ധതിക്കുവേണ്ടി കടന്നപ്പള്ളി പാണപ്പുഴ സർവീസ് സഹകരണബാങ്കിലുള്ള അക്കൗണ്ടിൽ നിലവിൽ 12,41,612/- രൂപ നീക്കിയിരിപ്പുണ്ട്.

സഹായം ആവശ്യമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ അനുവദിച്ച് അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2016-17 | 225000 | നെൽകൃഷി വികസനം | ഇല്ല | 225000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 147411 | പവർടില്ലർ, കാട്ടുവെട്ടി യന്ത്രം | ഇല്ല | 147411 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നം. | | | |
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)
ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14874254 |
| തൻവർഷം നിക്ഷേപിച്ച തുക | 6000000 |
| പലിശ | 1381551 |
| ആകെ | 22255805 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22255805 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മാടായി കോ-ഓപ് ബാങ്ക് | 1000000 |
| മാടായി കോ-ഓപ് ബാങ്ക് | 1100000 |
| മാടായി കോ-ഓപ് ബാങ്ക് | 1178906 |
| മാടായി കോ-ഓപ് ബാങ്ക് | 1178907 |
| മാടായി കോ-ഓപ് ബാങ്ക് | 1302201 |
| മാടായി കോ-ഓപ് ബാങ്ക് | 274240 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2205000 |

| | |
|---|---|
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2205000 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2205000 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2205000 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2000000 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2000000 |
| കടന്നപ്പള്ളി പാണപ്പുഴ കോ-ഓപ് ബാങ്ക് | 2000000 |
| പലിശ | 1381551 |
| ആകെ | 22255805 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3817- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 2.2 | 3817 | ടി. ധനഞ്ജയൻ, സെക്രട്ടറി | 11601100376/22-4-16 |

കുറിപ്പ് -2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2(3) ൽ നിർദ്ദേശിച്ച പ്രകാരം സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയിനത്തിൽ 55000/-രൂപ ഈടാക്കിയിട്ടുണ്ട്.ആയത് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക എന്ന ഹെഡിലാണ് വരവു വെച്ചിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 03/05/17 | 2009-10 | 3-4-2(5) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥ | തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37399178 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39384553 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 713005 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 369867 | ശ്രീ.അനിൽ.കെ.എൻ, സെക്രട്ടറി |
| 3-2 | 307100 | ശ്രീ.അനിൽ.കെ.എൻ, സെക്രട്ടറി |
| 3-6 | 36038 | ശ്രീ.അനിൽ.കെ.എൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെഎസ്എ/കെഎൻആർ/സി6/830/15(2)<br>തീയതി 7-8-15 | 1 |
| 1999-2000 | കെഎസ്എ/കെഎൻആർ/സി6/830/15(3)<br>തീയതി 7-8-15 | 8 |
| 2005-06 | കെഎസ്എ/കെഎൻആർ/സി6/830/15(7)<br>തീയതി 7-8-15 | 1 |
| 2006-07 | കെഎസ്എ/കെഎൻആർ/സി6/830/15(8)<br>തീയതി 7-8-15 | 1 |
| 2009-10,<br>2010-11 | കെഎസ്എ/കെഎൻആർ/സി6/830/15(11)<br>തീയതി 7-8-15 | 12 |
| 2011-12 | കെഎസ്എ/കെഎൻആർ/സി6/830/15(12) | 15 |

| | | |
|---|---|---|
| 2012-13 | തീയതി 7-8-15 | |
| 2013-14<br>2014-15 | കെഎസ്എ/കെഎൻആർ/സി6/965/16<br>തീയതി 16-6-16 | 22 |
| 2015-16 | കെഎസ്എ/കെഎൻആർ/സി3/2080/16<br>തീയതി 1-12-16 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ./കെ.എൻ.ആർ./സി.3/1105/2017

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

ഫോൺ – 04972-707698

തീയ്യതി – 18.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C3/1105/2017

Kerala State Audit Department,
District Audit Office, Kannur,
Phone 04972-707698
E-Mail. doknr.ksad@kerala.gov.in
Date: 18.07.2017

Certified that I have audited the Annual Financial Statement of Kadannappalli-Panappuzha Gramapanchayath in Kannur District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kadannappalli-Panappuzha Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, KANNUR

## അനുബന്ധം -2

# Kadannappalli Panappuzha Grama Panchayath Income & Expenditure statement For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 91,03,152.00 |
| 130000000 | Rental Income from panchayath properties | I-3 | 77,615.00 |
| 140000000 | Fee &User charges | I-4(b) | 6,49,856.00 |
| 150000000 | Sale &Hire Charges | I-5(b) | 2,17,570.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 6,45,79,058.00 |
| 170000000 | Income from investments | I-7 | 13,81,551.00 |
| 171000000 | Interest Earned | I-8 | 2,12,326.00 |
| 180000000 | Other Income | I-9 | 1,85,632.00 |
| A | Total Income | | 7,64,06,760.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 80,99,239.00 |
| 220000000 | Administrative Expenses | I-11(b) | 15,85,932.00 |
| 230000000 | Operations &Maintanance | I-12(b) | 3,70,601.00 |
| 240000000 | Interest &Finance Charges | I-13 | 42.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan programme – Productive Sector | I-14 | 66,08,592.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 1,09,22,050.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 13,30,277.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 2,41,785.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes (Not included under decentralised plan) | I-14(d) | 3,72,05,550.00 |
| 255000000 | Maintanance Projects | I-14(e) | 32,28,411.00 |
| 272000000 | Depreciation | I-17(a) | 32,99,070.00 |
| B | Total – Expenditure | | 7,28,91,549.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 35,15,211.00 |
| D=280000000 | Prior period Item | I-18 | 172.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 35,15,039.00 |
| 290000000 | Transfer to reserve funds | I-18(a) | 0.00 |

DEPUTY DIRECTOR

## അനുബന്ധം -3

# Kadannappalli Panappuzha Grama Panchayath Receipt

## And Payment Statement For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 86,70,975.00 |
| | Cash | RP-40(a) | 1,47,600.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 53,81,960.00 |
| 130000000 | Rental Income from panchayath Properties | RP-3 | 25,615.00 |
| 140000000 | Fees &User Charges | RP- 4 | 5,75,806.00 |
| 150000000 | Sale &Hire Charges | RP- 5 | 2,17,570.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 77,23,452.00 |
| 171000000 | Interest Earned | RP- 9 | 2,12,326.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 1,72,75,340.00 |
| 350000000 | Other Liabilities | RP-36 | 23,70,974.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 11,544.00 |
| 311000000 | Earmarked Funds | RP-29 | 72,377.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for specific purposes | RP-31 | 95,569.00 |
| 340000000 | Deposits Received | RP- 34 | 1,91,442.00 |
| 350000000 | Other Liabilities | RP- 36 | 387.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 31,47,816.00 |
| 460000000 | Loans,Advances and Deposits | RP- 47 | 97,000.00 |
| Grand Total | | | 4,62,17,753.00 |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 21,51,960.00 |
| 220000000 | Administrative Expenses | RP-12 | 15,85,932.00 |
| 230000000 | Operatations &Maintanance | RP-13 | 3,70,601.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 30,94,846.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 69,07,815.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 14,72,145.00 |

| | | | |
|---|---|---|---|
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 2,41,785.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 6,23,160.00 |
| 255000000 | Maintanance Projects | RP-20 | 32,28,411.00 |
| 280000000 | Prior Period Item | RP-26 | -490.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 2,12,500.00 |
| 350000000 | Other Liabilities | RP-36 | 65,67,018.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 42.00 |
| 280000000 | Prior period items | RP-26 | -418.00 |
| 311000000 | Earmarked Funds | RP-29 | 13,000.00 |
| 340000000 | Deposits Received | RP-34 | 69,300.00 |
| 350000000 | Other Liabilities | RP-36 | 18,20,644.00 |
| 410000000 | Fixed Assets | RP-38 | 47,79,602.00 |
| 410000000 | Investments | RP-41 | 60,00,000.00 |
| 460000000 | Loans,Advances and Deposits | RP-47 | 2,46,700.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank | RP-40(b) | 68,07,685.00 |
| | Cash | RP-40(b) | 25,515.00 |
| Grand Total | | | 4,62,17,753.00 |

DEPUTY DIRECTOR

## അനുബന്ധം -4

# Kadannappalli Panappuzha Grama Panchayath Balance Sheet As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 3,39,49,293.52 |
| 311000000 | Earmarked Funds | B-2 | 83,085.00 |
| 312000000 | Reserves | B-3 | 4,30,22,787.00 |
| | Total Reserve &surplus | | 7,70,55,165.52 |
| | Grants,Contributions for specific purposes | | |

| | | | |
|---|---|---|---|
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 10,01,088.93 |
| | Total Grants,Funds & Contributions for Specific Purposes | | 10,01,088.93 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 2,81,749.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 4,80,739.55 |
| | Total Current Liabilities and Provisions | | 7,62,488.55 |
| | Total Liabiliities | | 7,88,18,743.00 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 6,03,45,095.00 |
| 411000000 | Accumulated Depreciation | B-11 | (1,24,91,919.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 4,78,53,176.00 |
| 420000000 | Investments | B-12 | 2,22,55,805.00 |
| | Total Investments | | 2,22,55,805.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 18,76,362.00 |
| 450000000 | Cash and Bank balance | B-17 | 68,33,200.00 |
| 460000000 | Loans,Advances and | B-18 | 200.00 |

| | | | |
|---|---|---|---|
| | Deposits | | |
| | Total Current Assets, Loans and Advances | | 87,09,762.00 |
| | Total Assets | | 7,88,18,743.00 |

DEPUTY DIRECTOR